# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2233 14.06.2019 മറുപടിക്ക്

### വിശപ്പു രഹിത കേരളം പദ്ധതി

<table>
<tr><td colspan="2">ചോദ്യം<br>ശ്രീ. വി.എസ്. ശിവകുമാർ</td><td>മറുപടി<br>ഡോ: റ്റി.എം. തോമസ് ഐസക്, ബഹു: ധനകാര്യ-കയർ വകുപ്പ് മന്ത്രി</td></tr>
<tr><td>(എ)</td><td>2018-19 സാമ്പത്തിക വർഷത്തിൽ വിശപ്പു രഹിത കേരളം പദ്ധതിക്കായി എത്ര തുകയായിരുന്നു വകയിരുത്തിയിരുന്നത്; വിശദമാക്കാമോ?</td><td rowspan="2">2018-19 സാമ്പത്തിക വർഷം 'വിശപ്പു രഹിത കേരളം' പദ്ധതിക്ക് ബജറ്റ് വിഹിതമായി 14 കോടി രൂപയും, ആദ്യ ഉപധനാഭ്യർത്ഥന മുഖാന്തിരം 6 കോടി രൂപയും ഉൾപ്പെടെ ആകെ 20 കോടി രൂപ വകയിരുത്തിയിരുന്നു. 29.11.2018 - തീയതിയിലെ സ.ഉ. (സാധാ) നം. 613/2018/ഭ.പൊ.വി.വ പ്രകാരം 3.52 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകുകയും ചെയ്തു. ഇതിൽ 31.03.2019 വരെ 2.2 കോടി രൂപ വിനിയോഗിച്ചിട്ടുമുണ്ട്. എന്നാൽ ലോക സഭ തെരെഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റ ചട്ടം നിലവിൽ വന്നതിനാൽ കോട്ടയം, കൊല്ലം ജില്ലകൾക്ക് അനുവദിച്ച തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല.<br>സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതികളുടെ പശ്ചാത്തലത്തിൽ വിശപ്പുരഹിത കേരളം പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക വകുപ്പിന്റെ തന്നെ മറ്റേതെങ്കിലും പദ്ധതിക്കായോ പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായോ വക മാറ്റുന്നതിന് സർക്കാർ നിർദ്ദേശം ലഭിച്ചതനുസരിച്ച് ടി പദ്ധതിക്കായി അനുവദിച്ചിരുന്ന 20 കോടി രൂപയിൽ നിന്നും 21.01.2019 തീയതിയിലെ സ.ഉ. (സാധാ) നം. 5/2019/ധന പ്രകാരം 9.9 കോടി രൂപ കുറവ് വരുത്തുകയുണ്ടായി .</td></tr>
<tr><td>(ബി)</td><td>ഇതിൽ എത്ര തുകയാണ് 2018-19 സാമ്പത്തിക വർഷം വിനിയോഗിച്ചത്; മുഴുവൻ തുകയും വിനിയോഗിക്കാൻ കഴിഞ്ഞില്ലായെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?</td></tr>
</table>

സെക്ഷൻ ഓഫീസർ